പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2905

22-02-2016 ൽ
മറുപടിയ്ക്ക്

## പത്രജീവനക്കാരുടെ പെൻഷൻ

ചോദ്യം

ശ്രീ. എസ്. ശർമ്മ

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) പത്രജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ പരിശോധിച്ച് പെൻഷൻ നൽകുന്നതിൽ വളരെയേറെ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ; | (എ) പത്രപ്രവർത്തക പെൻഷൻ പദ്ധതിയിലേയ്ക്ക് അംഗത്വത്തിനായും പെൻഷൻ അനുവദിക്കുന്നതിനായും സമർപ്പിച്ച അപേക്ഷകളുടെ ബാഹുല്യം നിമിത്തമാണ് കാലതാമസം നേരിട്ടത്. ഒരു ഡി.റ്റി.പി. ഓപ്പറേറ്ററുടെ സേവനം ഉപയോഗപ്പെടുത്തി പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് പെൻഷൻ അനുവദിക്കുന്നതിനും അംഗത്വം അനുവദിക്കുന്നതിനുമുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |
| (ബി) പെൻഷൻ ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് നിലവിൽ പരിഗണനയിലുള്ളതെന്നും എത്രനാൾ മുൻപുവരെ സമർപ്പിച്ച അപേക്ഷകളാണ് ഇക്കൂട്ടത്തിലുള്ളതെന്നും വ്യക്തമാക്കാമോ ; | (ബി) പെൻഷൻ ലഭിക്കുന്നതിനുള്ള 142 അപേക്ഷകളാണ് നിലവിൽ പരിഗണനയിലുള്ളത്. 2015 ഏപ്രിൽ വരെ സമർപ്പിച്ച അപേക്ഷകളാണ് ഇക്കൂട്ടത്തിൽ ഉള്ളത്. |
| (സി) പത്രപ്രവർത്തകർക്ക് ക്ഷേമനിധി ആരംഭിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;<br>(ഡി) ക്ഷേമനിധി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ; | (സി) & (ഡി) തൊഴിലാളിയുടെയും സർക്കാരിന്റേയും വിഹിതത്തോടൊപ്പം തൊഴിലുടമയുടെ വിഹിതം കൂടി ലഭിച്ചാൽ മാത്രമേ പത്രപ്രവർത്തകർക്കായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ കഴിയുകയുള്ളൂ. ഇതു സംബന്ധിച്ച് ചർച്ചകൾക്കായി പത്രമുടമകളിൽ നിന്നും അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. പത്രമുടമയുടെ വിഹിതം കൂടി ഉറപ്പുവരുത്തിയാൽ മാത്രമേ ക്ഷേമനിധി ഉറപ്പാക്കുവാൻ സാധിക്കുകയുള്ളൂ. |

(ഇ) പത്രമേഖലയിൽ പുതിയ വേജ് ബോർഡ് വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ?

(ഇ) സംസ്ഥാനത്തെ പത്രമാധ്യമ രംഗത്ത് ജീവനക്കാർക്കുള്ള വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന വേജ് ബോർഡുകൾ രൂപീകരിക്കുന്നത് കേന്ദ്ര സർക്കാരാണ്. പത്രമേഖലയിൽ പുതിയ വേജ് ബോർഡ് രൂപീകരിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നില്ല.

സെക്ഷൻ ഓഫീസർ